അന്വേഷിച്ച് നടപടിയെടുക്കുമോ; അനിലിന് ആനുകൂല്യം നൽകുകയും ചെയ്യുമോ?

ഉത്തരം

(എ) അതെ, ശ്രീ. അനിൽകുമാറിന് മക്കളോ, ഭാര്യയോ, മാതാപിതാക്കളോ ഇല്ല.

(ബി) അനുവദിച്ചിട്ടുണ്ട്.

(സി) അപേക്ഷ വെങ്ങാനൂർ പഞ്ചായത്തിന് നൽകിയിട്ടുണ്ട്.

(ഡി) 95 കുടുംബങ്ങൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്.

(ഇ) ശ്രീ. അനിൽകുമാറിനെ ആശ്രയ അഗതി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്താത്തതിനെതിരെ ടിയാൻ സമർപ്പിച്ച ഹർജി പരിശോധിച്ച്, അർഹനായതിനാൽ 2005-2006 വർഷം മുതൽ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(എഫ്) 11-ാം വാർഡിൽ അനർഹരായവർ, അർഹതാ ലിസ്റ്റിൽപ്പെട്ടതായി ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശ്രീ. അനിൽകുമാറിന് ആനുകൂല്യം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞു.

പാലക്കാട് വികസന അതോറിറ്റിയിൽ ജോലി ചെയ്തിരുന്ന അബ്ദുൾ റഹിമാന് പുനർനിയമനം നൽകാൻ നടപടി

46 [1732] *ശ്രീ. എ. കെ. ബാലൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാതന്ത്ര്യ സുവർണ്ണ ജൂബിലി വർഷത്തിൽ സർക്കാർ സർവ്വീസിൽ താൽക്കാലിക ജീവനക്കാരായിരുന്ന വികലാംഗരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ എത്ര താൽക്കാലിക ജീവനക്കാരെയാണ് സ്ഥിരപ്പെടുത്തിയിട്ടുള്ളത്;

(ബി) പാലക്കാട് വികസന അതോറിറ്റിയിൽ എൽ. ഡി. ക്ലാർക്ക് തസ്തികയിൽ ജോലി ചെയ്തിരുന്ന അബ്ദുൾ റഹിമാൻ, 9/336, പറക്കുന്നം, പാലക്കാട് എന്നയാൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പിൽ പുനർനിയമനം നൽകാതിരിക്കാൻ എന്താണ് കാരണമെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ശ്രീ. അബ്ദുൾ റഹിമാന് പുനർനിയമനം നൽകുന്നതിനുവേണ്ടി നടത്തിയ അപേക്ഷയിന്മേൽ സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) സ്ഥിരപ്പെടുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു.

(ബി) പാലക്കാട് വികസന അതോറിറ്റിയുടെ പ്രവർത്തനം അവസാനിപ്പിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുള്ള സാഹചര്യത്തിൽ താൽക്കാലിക സർവ്വീസിലുണ്ടായിരുന്ന വികലാംഗ ജീവനക്കാർക്ക് അവിടെ പുനർനിയമനം നൽകുന്ന കാര്യത്തിൽ പ്രായോഗിക ബുദ്ധിമുട്ടുണ്ട്.

(സി) ശ്രീ. അബ്ദുൾ റഹിമാന് നിയമനം നൽകുന്നതിനുവേണ്ടിയുള്ള അപേക്ഷ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലാണ്.

പഞ്ചായത്ത് സ്കൂളുകളിലെ അധ്യാപക നിയമനം സാധൂകരിക്കാൻ നടപടി

47 [1733] *ശ്രീ. സി. ടി. അഹമ്മദ് അലി:*
,, *പി. കെ. കെ. ബാവ:*
,, *സി. മോയിൻകുട്ടി:*
,, *പി. കെ. അബ്ദുറബ്:*
,, *ടി. പി. എം. സാഹിർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് സ്കൂളുകളിലെ അധ്യാപക നിയമനം പി. എസ്. സി.-ക്ക് വിട്ടതിനുശേഷവും ബന്ധപ്പെട്ട വകുപ്പുകളുടെ സംയോജിത പ്രവർത്തനത്തിന്റെ അഭാവംകൊണ്ട് പഞ്ചായത്ത് സമിതികൾ നിയമനം നടത്തിയ അധ്യാപകരെ പിരിച്ചുവിട്ടുകൊണ്ടിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വാർഷിക ഇൻക്രിമെന്റ്, അവധിക്കാല ശമ്പളം, പ്രോവിഡന്റ് ഫണ്ട് മുതലായ ആനുകൂല്യങ്ങളോടെ സ്ഥിര നിയമനം ലഭിച്ച ഇവർക്ക് മാനുഷിക പരിഗണന നൽകി അവരുടെ നിയമനം സാധുവാക്കാനുള്ള സുപ്രീംകോടതി വിധി അനുസരിച്ച് നടപടിയെടുത്തിട്ടുണ്ടോ;

(സി) തങ്ങളുടേതല്ലാത്ത കുറ്റത്തിന് ശിക്ഷിക്കപ്പെടുന്നവരോട് മാനുഷിക പരിഗണന കാട്ടി നിയമനം സാധൂകരിച്ച് ഇവരുടെ തൊഴിൽ സംരക്ഷിക്കാൻ നടപടി എടുക്കുമോ?

ഉത്തരം

(എ) പഞ്ചായത്ത് സ്കൂളുകളിലെ അധ്യാപക നിയമനം പി. എസ്. സി.-ക്കുവിട്ട സാഹചര്യത്തിൽ പഞ്ചായത്ത് സമിതികൾ നിയമനം നടത്തിയ അധ്യാപകരെ പിരിച്ചു വിട്ടുകൊണ്ടിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly